# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

### 2026 മെയ് കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന് ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം** : ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം** : കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം** :

**പ്രിയപ്പെട്ടവരെ,**

**മെയ് മാസം... ദൈവമാതാവിനായി സമർപ്പിച്ച അനുഗ്രഹീതമായ സമയം. ഈ മാസം നമ്മെ പ്രാർത്ഥനയിലേക്ക് നയിക്കുകയും, നമ്മുടെ കുടുംബങ്ങളെയും പ്രത്യേകിച്ച് നമ്മുടെ കുട്ടികളെയും ദൈവസന്നിധിയിൽ സമർപ്പിക്കാൻ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇന്നത്തെ ലോകത്തിൽ വിദ്യാഭ്യാസം പലപ്പോഴും മാർക്കുകളിലും വിജയങ്ങളിലും മാത്രം ചുരുങ്ങിപ്പോകുന്നുണ്ട്. എന്നാൽ തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് മറ്റൊന്നാണ് യഥാർത്ഥ വിദ്യാഭ്യാസം ജ്ഞാനത്തിലേക്കുള്ള യാത്രയാണ്. ''ജ്ഞാനം സമ്പാദിക്കുകയാണ് സർവ്വ പ്രധാനം. എന്തും ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക (സുഭാഷിതങ്ങൾ 4:7) ഇവിടെ ''ജ്ഞാനം'' എന്നത് വെറും പുസ്തകങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവല്ല; ജീവിതത്തെ ശരിയായി മനസ്സിലാക്കാനും, നല്ലതിനെ തിരഞ്ഞെടുക്കാനും, ദൈവത്തിന്റെ വഴിയിൽ നടക്കാനും സഹായിക്കുന്ന ആത്മീയ ബോധമാണ്. തിരുവചനത്തിൽ വീണ്ടും പറയുന്നു: ''ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം; അത് പരിശീലിക്കുന്നവർ വിവേകികളാകും. അവിടുന്ന് എന്നേക്കും സ്തുതിക്കപ്പെടും'' (സങ്കീർത്തനങ്ങൾ 111:10) അതായത്, ദൈവബന്ധമില്ലാത്ത വിദ്യാഭ്യാസം അപൂർണ്ണമാണ്. ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ഹൃദയം മാത്രമാണ് യഥാർത്ഥ ജ്ഞാനത്തിലേക്ക് നയിക്കുന്നത്. യേശു തന്നെ തന്റെ ബാല്യത്തിൽ ''യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും**

**പ്രീതിയിലും വളർന്നു വന്നു.'' (ലൂക്കാ 2:52). ഇത് നമ്മെ പഠിപ്പിക്കുന്നത്, വിദ്യാഭ്യാസം ബുദ്ധിയിലോ അറിവിലോ മാത്രം വളർച്ചയല്ല, മറിച്ച് വ്യക്തിത്വത്തിലും**

**വിശ്വാസത്തിലും വളരാനുള്ള ഒരു യാത്രയാണെന്നതാണ്. ഇന്നത്തെ സമൂഹത്തിൽ നമുക്ക് വളരെ ബുദ്ധിമാന്മാരെ കാണാം, പക്ഷേ എല്ലാവരും ജ്ഞാനികൾ അല്ല. കാരണം ബുദ്ധി അറിവ് നൽകും, എന്നാൽ ജ്ഞാനം ജീവിതത്തിന് ദിശ നൽകും. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം നല്ല ജോലി നേടുക മാത്രമല്ല; നല്ല മനുഷ്യനാകുക എന്നതാണ്. അതിനാൽ, നമ്മുടെ കുട്ടികൾ പഠിക്കുമ്പോൾ, അവർക്ക് വെറും അറിവ് മാത്രമല്ല, നല്ല മൂല്യങ്ങളും, സത്യസന്ധതയും, കരുണയും, ദൈവഭക്തിയും വളരേണ്ടതുണ്ട്. മാതാപിതാക്കളും അധ്യാപകരും ചേർന്ന് കുട്ടികളെ ജീവിതത്തിന്റെ ശരിയായ വഴിയിൽ നയിക്കേണ്ട വലിയ ഉത്തരവാദിത്വമുണ്ട്. വിദ്യാഭ്യാസം ദൈവവചനത്തോടൊപ്പം ചേരുമ്പോൾ മാത്രമാണ് അത് പൂർണ്ണതയിലേക്ക് എത്തുന്നത്. അറിവും ജ്ഞാനവും ഒന്നിച്ച് വളരുമ്പോൾ, മനുഷ്യജീവിതം അനുഗ്രഹീതമാകും.ഈ യോഗത്തിൽ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം.**

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് **''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''**എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 119 : 3340**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.
*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : സുഭാഷിതങ്ങൾ 4 : 19**

8. **വചനവിചിന്തനം :-**

**പ്രിയപ്പെട്ടവരെ,**

**ജ്ഞാനം: നമ്മുടെ തലമുറയുടെ ഭാവി**

**നമ്മുടെ തീരദേശ ഗ്രാമത്തിന്റെ ജീവിതം കടലുമായി ബന്ധപ്പെട്ടതാണ്. തിരമാലകളുടെ ശബ്ദത്തിൽ വളർന്ന ഒരു സമൂഹം കഠിനാധ്വാനം അറിയുന്ന ജനങ്ങളും ജീവിതം നേടിയെടുക്കാൻ പോരാടുന്ന കുടുംബങ്ങളും പക്ഷേ ഈ യാഥാർത്ഥ്യത്തിനടയിൽ ഒരു ചോദ്യം നമ്മുക്ക് മുന്നിൽ ഉയരുന്നു നമുടെ അടുത്ത തലമുറയുടെ ഭാവി എന്തായിരിക്കും. ഇപ്പോൾ നമ്മൾ കാണുന്നത് കുട്ടികൾ പഠനം പൂർണ്ണമായി പൂർത്തിയാക്കുന്നതിനു മുമ്പേ തൊഴിൽ തോടി കടലിലേക്ക് പോകുന്നു അല്ലെങ്കിൽ**

വിദേശത്തേക്ക് പോകാനുള്ള സ്വപ്നങ്ങൾ പിന്നുടരുന്നു. ജീവിതോപാധി ആവശ്യമാണ് അത് സത്യം എന്നാൽ , വിദ്യാഭ്യാസം ഉപേക്ഷിച്ച് നേടിയ ജീവിതം എത്രത്തോളം ഉറപ്പുള്ളതാണ്? ഇന്ന് ലഭിക്കുന്ന വരുമാനം നാളെയുടെ സുരക്ഷയാക്കുന്നു എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ''ജ്ഞാനം സമ്പാദിക്കുകയാണ് സർവ്വ പ്രധാനം. എന്തും ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക (സുഭാഷിതങ്ങൾ 4:7). ദൈവം നമ്മെ വിളിക്കുന്നത് വെറും ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റനല്ല നാളെയുടെ ഭാവി ഉറപ്പാക്കാനുമാണ്.

വിജ്ഞാനം എന്നത് വെറും പഠനമല്ല; ദൈവത്തെ അറിയുന്ന ആത്മീയ ജ്ഞാനമാണ്. ജനതകളെ സത്യത്തിൽ നയിക്കേണ്ടവർ അത് അവഗണിച്ചപ്പോൾ , അവരുടെ ജീവിതം സമൂഹവും തകർച്ചയിലേക്ക് നീങ്ങി. ഇന്നും ശരിയായ വിദ്യാഭ്യാസവും മൂല്യങ്ങളും അവഗണിച്ചാൽ അത് ഒരു വ്യക്തിയുടെ മാത്രം നഷ്ടമല്ല അത് ഒരു തലമുറയുടെ നഷ്ടമായിരിക്കുന്നു. നമ്മുടെ തീരദേശ ജീവിതത്തിൽ പലരും കരുതുന്നത് (പഠനം വേണ്ട ജോലി മതി) എന്നാൽ സത്യത്തിൽ വിദ്യാഭ്യാസം ജോലി നേടാൻ മാത്രമല്ല; ജീവിതത്തെ നയിക്കാൻ വേണ്ടിയാണ്. നെൽസൺ മണ്ടേല പറഞ്ഞത് ലോകത്തെ മാറ്റാൻ മനുഷ്യന് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം. യേശു പറഞ്ഞ ഉപമ നമുക്ക് ഓർക്കാം: എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത് വിവേകമതിയായ മനുഷ്യന് തുല്യനായിരിക്കും (മത്തായി 7:24–27). കാറ്റും മഴയും വന്നപ്പോൾ ആ വീട് നിലനിന്നു, വിദ്യാഭ്യാസവും ജ്ഞാനവും ഇല്ലാതെ നില്ക്കുന്ന ജീവിതം മണലിൽ പണിത വീടുപോലെയാണ്. ഇന്ന് നമ്മൾ സ്വയം ചോദിക്കേണ്ട സമയം നമ്മുടെ കുട്ടികൾക്ക് നാം നല്കുന്ന ഏറ്റവും വലിയ സമ്പത്ത് എന്താണ്? ഒരു ചെറിയ വരുമാനത്തിനായി അവരുടെ ഭാവി നാം കുറയ്ക്കുകയാണോ? അവരുടെ കഴിവുകളും സ്വപ്നങ്ങളും നാം പരിമിതപ്പെടുത്തുകയാണോ? ദൈവം ഓരോ കുട്ടിയിലും ഒരു ദൗത്യം വെച്ചിട്ടുണ്ട്; അത് അവർ വെറും തൊഴിലാളികളായി മാത്രമല്ല, ജ്ഞാനികളായി, നേതാക്കളായി, സമൂഹത്തെ ഉയർത്തുന്നവരായി വളരേണ്ടവരാണ്. മാതാപിതാക്കളേ, ഇന്ന് ചെയ്യുന്ന ത്യാഗം കുട്ടികളുടെ പഠനത്തിനായി നിങ്ങൾ നല്കുന്ന പിന്തുണ നാളെയുടെ അനുഗ്രഹമായി തിരികെ വരും. യുവതി, യുവാക്കളേ, എളുപ്പമുള്ള വഴികൾ എല്ലായ്പ്പോഴും ശരിയായ വഴികളല്ല. ജീവിതത്തിന്റെ ആഴം മനസ്സിലാക്കാൻ ശ്രമിക്കൂ. വിദ്യാഭ്യാസം നിങ്ങളെ പരിമിതികളിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് നയിക്കും.

അവസാനമായി, ദൈവത്തോടൊപ്പം ഉള്ള വിദ്യാഭ്യാസംഅതാണ് നമ്മുടെ കുട്ടികളുടെ ഉറപ്പുള്ള ഭാവി.

<u>ദൗത്യം ഏറ്റെടുക്കൽ</u>

1. പഠനം ഉപേക്ഷിക്കാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യണം.

2. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ക്വിസ് മത്സരങ്ങളും, കലാപരിപാടികളും സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങൾ നൽകി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
3. ഓരോ കുടുംബവും കുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻഗണനന നൽകാൻ ബോധപൂർവ്വമായ തീരുമാനം എടുക്കണം.
4. നമ്മുടെ യൂണിറ്റിലെ ഓരോരുത്തരും സാക്ഷരരാകുന്നതിന് ഉറപ്പാക്കാൻ ബിസിസി സംയുക്തമായും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണം.
5. ഘഏഗ മുതൽ +2 വരെ നമ്മുടെ സ്ക്കൂളിൽ തന്നെ നമ്മുടെ കുട്ടികളെ പഠിപ്പിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.
6. 10, +2 ജയിച്ച കുട്ടികളെ യൂണിറ്റ് തലത്തിൽ ജൂൺ മാസ യോഗ സമയത്ത് ആദരിക്കണം.
7. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ ഒരു കുട്ടിക്ക് എങ്കിലും സാമ്പത്തിക സഹായം നൽകുക.

9. റിപ്പോർട്ട്

10. ഹാജർ

11. അടുത്ത യോഗം നിശ്ചയിക്കുക

12. ചർച്ച

13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ യൗസേപ്പിതാവേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

സകല മാലാഖമാരേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ അന്തോനീസേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

സകല വിശുദ്ധരേ :ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

14. മദ്ധ്യസ്ഥ പ്രാർത്ഥന

ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)

കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.

16. സമാപന ഗാനം